LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്തെ കോഴിക്കർഷകർക്കായി മൃഗസംരക്ഷണ വകുപ്പ്-കെ.എസ്.പി.ഡി.സി. - കുടുംബശ്രീ എന്നീ സർക്കാർ ഏജൻസികളുടെ സംയുക്ത സംരംഭമായി കേരള ചിക്കൻ പദ്ധതി നടപ്പിലാക്കിവരുന്നു.

(ബി) കേരള സംസ്ഥാനത്ത് കാർഷികവൃത്തിയിൽ ഏർപ്പെട്ടിരിക്കുന്ന കർഷകരുടെ ക്ഷേമത്തിനായും അവർക്ക് പെൻഷനും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിനായും അതുമായി ബന്ധപ്പെട്ടതോ ആനുഷംഗികമായതോ ആയ മറ്റ് കാര്യങ്ങൾക്കും വേണ്ടി ഒരു ക്ഷേമനിധി രൂപീകരിക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നതിനുള്ള 2018-ലെ കേരള കർഷക ക്ഷേമനിധി ബില്ലിൽ കൃഷിയുടെ നിർവ്വചനത്തിൽ ഇപ്രകാരം പറയുന്നു.

"കൃഷി" എന്നതിൽ ഉദ്യാനകൃഷിയും ഔഷധ സസ്യകൃഷിയും നഴ്സറി നടത്തിപ്പും കാർഷിക വൃത്തിയും വിളകളും ഇടവിളകളും ഫലവൃക്ഷങ്ങളും പച്ചക്കറികളും പുല്ലും തീറ്റപ്പുല്ലും വൃക്ഷങ്ങളും നട്ടുവളർത്തൽ അഥവാ ഭൂമിയിലുള്ള ഏതുതരത്തിലുള്ള കൃഷിയും മത്സ്യം, ചിപ്പി, തേനീച്ച, പട്ടുനൂൽപ്പുഴു, കോഴി, താറാവ്, കന്നുകാലി, പന്നി ഉൾപ്പെടെയുള്ളവയുടെ പ്രജനനവും പരിപാലനവും - കൃഷി അനുബന്ധ പ്രവർത്തനങ്ങൾക്കായോ അല്ലെങ്കിൽ മറ്റെന്തെങ്കിലും കാർഷിക ആവശ്യത്തിനായോ ഉള്ള ഭൂമിയുടെ ഉപയോഗവും ഉൾപ്പെടുന്നതാകുന്നു.

2018-ലെ കേരള കർഷക ക്ഷേമനിധി ബിൽ 14-ാം കേരള നിയമസഭയുടെ 151-ാം നമ്പർ ബില്ലായി കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 69-ാം ചട്ടപ്രകാരം പ്രസിദ്ധീകരിക്കുകയും പ്രസ്തുത ബിൽ ഇപ്പോൾ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയിലുമാണ്.

(സി) മൃഗസംരക്ഷണ വകുപ്പിന്റെ ഫാമുകളിൽ ഫാമുകളോടനുബന്ധിച്ച് ഹാച്ചറികൾ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ കുരിയോട്ടുമലയിലും ആയൂർ തോട്ടത്തറയിലും ഹാച്ചറികൾ മാത്രമായി പ്രവർത്തിക്കുന്നു. ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് ആവശ്യാനുസരണം സർക്കാർ ഹാച്ചറികൾ മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ തുടങ്ങാവുന്നതാണ്.

**മൃഗസംരക്ഷണ വകുപ്പിലെ പ്രൈമറി സെന്റർ ഡിസ്പെൻസറികൾ**

138(915) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൃഗസംരക്ഷണ വകുപ്പിലെ പ്രൈമറി സെന്റർ ഡിസ്പെൻസറികളിലെ സ്റ്റാഫ് പാറ്റേണിൽ കാലോചിതമായ മാറ്റങ്ങൾ പരിഗണനയിലുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രൈമറി സെന്റർ ഡിസ്പെൻസറികളിൽ കമ്പ്യൂട്ടർവത്കരണവും ഇ-ഓഫീസും നടപ്പിലാക്കിയിട്ടുണ്ടോ;

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ വിവിധ പദ്ധതികളിലൂടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തനതുഫണ്ടിൽ നിന്നുള്ള പദ്ധതികളിലൂടെയും പ്രൈമറി സെന്റർ ഡിസ്പെൻസറികൾ മുഖേന കാർഷിക മേഖലയുടെ ഉന്നമനത്തിനായി ചെലവഴിക്കുന്ന ഫണ്ടുകളിൽ കഴിഞ്ഞ മൂന്ന് വർഷ കാലയളവിനുള്ളിൽ എത്ര ശതമാനം വർദ്ധനവാണ് ഉണ്ടായിയിട്ടുള്ളതെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഡി) ഇതിന് അനുസൃതമായ സ്റ്റാഫ് പാറ്റേൺ, ഡിപ്പാർട്ട്മെന്റ് റീ-ഓർഗനൈസേഷൻ എന്നിവ നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) മൃഗസംരക്ഷണ വകുപ്പിലെ പ്രൈമറി സെന്റർ ഡിസ്പെൻസറികളിലെ സ്റ്റാഫ് പാറ്റേണിൽ മാറ്റങ്ങൾ വരുത്തുന്നത് നിലവിൽ പരിഗണനയിലില്ല.

(ബി) വെറ്ററിനറി ഡിസ്പെൻസറികളിൽ കമ്പ്യൂട്ടർവത്കരണം നടപ്പിലാക്കിയിട്ടുണ്ട്. വെറ്ററിനറി ഡിസ്പെൻസറികളിലെ ഡോക്ടർമാർക്കും ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാർക്കും ഇ-ഓഫീസിൽ ലോഗിൻ ചെയ്യുന്നതിനുള്ള രജിസ്ട്രേഷൻ നടപടികൾ പൂർത്തിയായിട്ടുണ്ട്. വിവിധ സ്ഥാപനങ്ങളിൽ ഫയലുകൾ ഇ ഓഫീസിലേയ്ക്ക് മാറ്റുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(സി) സംസ്ഥാന സർക്കാരിന്റെ പദ്ധതികൾക്കായി അനുവദിച്ച തുക

| | | |
|---|---|---|
| 2016-17 | - | 219.55 കോടി |
| 2017-18 | - | 217.57 കോടി |
| 2018-19 | - | 233.76 കോടി |

2016-17-ൽ അനുവദിച്ച തുകയെ അടിസ്ഥാനമാക്കി 2018-19-ൽ 14.21 കോടി രൂപയുടെ വർദ്ധനവുണ്ട്. ശതമാനത്തിൽ 6.47% വർദ്ധനവ് കേന്ദ്ര സർക്കാരിന്റെ പദ്ധതികൾക്കായി കേന്ദ്ര ഗവൺമെന്റിൽ നിന്നും ലഭിച്ച തുക

| | | |
|---|---|---|
| 2016-17 | - | 8.21 കോടി |
| 2017-18 | - | 8.88 കോടി |
| 2018-19 | - | 14.05 കോടി |

2016-17-ൽ ലഭിച്ച തുകയെ അടിസ്ഥാനമാക്കി 2018-19-ൽ 5.84 കോടി രൂപ വർദ്ധനവുണ്ട്. 71 % -ന്റെ വർദ്ധനവ്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഡിപ്പാർട്ട്മെന്റ് റീ-ഓർഗനൈസേഷൻ സംബന്ധിച്ച് മൃഗസംരക്ഷണ വകുപ്പ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 7-2-2018-ന് സർവ്വീസ് സംഘടനകളുമായി ചർച്ച നടത്തുകയും മൃഗസംരക്ഷണ വകുപ്പ് പുനഃസംഘടനയുമായി ബന്ധപ്പെട്ട് കരട് പ്രൊപ്പോസൽ തയ്യാറാക്കുന്ന നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

**മൃഗസംരക്ഷണ വകുപ്പിലെ ഭരണഭാഷാ വാരാചരണം**

139(916) ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭരണഭാഷാ വാരാചരണവുമായി ബന്ധപ്പെട്ട് മൃഗസംരക്ഷണ വകുപ്പ് കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ നടത്തിയ പരിപാടികൾ ഏതൊക്കെയാണെന്ന് ജില്ല തിരിച്ച് അറിയിക്കാമോ;

(ബി) പ്രസ്തുത പരിപാടികൾ സംഘടിപ്പിക്കുന്നതിനുള്ള ഉത്തരവാദിത്തം ആർക്കായിരുന്നെന്നും ഇത് സംബന്ധിച്ച് സർക്കാരിന്റെ അനുമതി നേടിയിരുന്നോ എന്നും വ്യക്തമാക്കാമോ;

(സി) പ്രസ്തുത പരിപാടികൾക്കായി എത്ര തുക ചെലവഴിച്ചെന്നും ആയത് ഏത് അക്കൗണ്ടിൽ നിന്നാണ് വിനിയോഗിച്ചതെന്നും അറിയിക്കാമോ?

ഉത്തരം

(എ) ഭരണ ഭാഷാവാരാചരണവുമായി ബന്ധപ്പെട്ട് മൃഗസംരക്ഷണ വകുപ്പ് കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ നടത്തിയ പരിപാടികൾ ചുവടെ ചേർക്കുന്നു:

1. മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറേറ്റ്, തിരുവനന്തപുരം

2018-19 വർഷത്തിൽ "ഭരണഭാഷ ശ്രേഷ്ഠഭാഷ" എന്ന ബാനർ പ്രദർശിപ്പിച്ചിട്ടുണ്ട്. വകുപ്പിലെ എല്ലാ സെക്ഷനുകളുടെയും ഓഫീസർമാരുടെയും പേര്, സ്ഥാനപ്പേര് എന്നിവ മലയാളത്തിൽകൂടി എഴുതിയിട്ടുണ്ട്. വകുപ്പിലെ ജീവനക്കാർക്ക് മലയാളം കമ്പ്യൂട്ടിംഗ് പരിശീലനം നൽകിവരുന്നു. ജീവനക്കാർക്കെതിരെയുള്ള അച്ചടക്കനടപടികൾ പൂർണ്ണമായും മലയാളത്തിലാണ് ചെയ്യുന്നത്. വകുപ്പിലെ ഫാറങ്ങളും രജിസ്റ്ററുകളും മലയാളത്തിൽ കൂടി തയ്യാറാക്കിയിട്ടുണ്ട്. ഭരണഭാഷ മലയാളം ഓൺലൈൻ നിഘണ്ടു (glossary.kerala.gov.in) ഉപയോഗിക്കുന്നതിനുള്ള നിർദ്ദേശം എല്ലാ ജില്ലകൾക്കും ഡയറക്ടറേറ്റിലെ എല്ലാ സെക്ഷനുകൾക്കും നൽകിയിട്ടുണ്ട്. മലയാള ഭാഷാ ദിനമായ 2018 നവംബർ 1-ന് രാവിലെ 11 മണിക്ക് മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറേറ്റിൽ ഭരണഭാഷാ സമ്മേളനം ചേർന്നു. എല്ലാ ഉദ്യോഗസ്ഥരും ഇതിൽ പങ്കെടുക്കുകയും മാതൃഭാഷയായ മലയാളം പഠിക്കേണ്ടതിന്റെയും അത് ഭരണനിർവ്വഹണത്തിൽ പ്രാവർത്തികമാക്കേണ്ടതിന്റെയും ആവശ്യകത

LIBRARY ARCHIVES Kerala Legislative Assembly